**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - സംയോജിത നീർത്തട പരിപാലന പദ്ധതി - WDT – എഞ്ചിനീയർമാർക്ക് കൂടുതൽ അധികാരം നൽകി - സാമ്പത്തികാധികാര പരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ.)നം.36/14/തസ്വഭവ    തിരുവനന്തപുരം, തീയതി, 11.02.2014

=====================================================================

പരാമർശം:- 01.01.2014 ലെ ഗ്രാമവികസന കമ്മീഷണറുടെ 620/SLNA/13/സിആർഡി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ഭാഗമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ, അളവുകൾ രേഖപ്പെടുത്തൽ, ചെക്ക് മെഷർമെന്റ് ചെയ്യൽ എന്നിവ ചെയ്യുന്നതിന് Watershed Development Team (WDT) എഞ്ചിനീയർമാരെയും തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയർമാരെയും നിയമിച്ചിട്ടുണ്ട്. എന്നാൽ ഓരോ വിഭാഗത്തിലുംപെട്ട എഞ്ചിനീയർമാരുടെ അധികാര പരിധി വ്യക്തമായി നിശ്ചയിച്ചിട്ടില്ല. എല്ലാ പ്രവൃത്തികളുടെയും ചെക്ക് മെഷർമെന്റ് നടത്തുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയർമാർക്കാണ്. എന്നാൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിനിടയിൽ IWMP യുടെ അധിക ചുമതലകൂടി സമയബന്ധിതമായി നടത്താൻ മേല്പറഞ്ഞ ഉദ്യോഗസ്ഥർക്ക് കഴിയാതെ വരുന്നതിനാൽ IWMP പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ കാലവിളംബം നേരിടുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരും ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും നിലവിലുള്ള തങ്ങളുടെ അധികാര പരിധിക്കുവിധേയമായി എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ, അളവെടുപ്പ്, ചെക്ക് മെഷർമെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനോടൊപ്പം IWMP യ്ക്കുവേണ്ടി മാത്രമായി നിയമിക്കപ്പെട്ടിട്ടുള്ള WDT എഞ്ചിനീയർമാർക്ക് കൂടുതൽ അധികാരം നൽകുകയും WDT Diploma, WDT Degree എഞ്ചിനീയർമാർക്ക് സാമ്പത്തിക അധികാര പരിധി നിശ്ചയിച്ചു നൽകുകയും ചെയ്യുന്നത് വഴി IWMP പദ്ധതി നടത്തിപ്പ്

സുഗമമായി നടത്താൻ കഴിയുമെന്ന് പരാമർശം(1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും സംയോജിത നീർത്തട പരിപാലന പദ്ധതിയിലെ വിവിധ വിഭാഗം എഞ്ചിനീയർമാരുടെ അധികാര പരിധി താഴെ പറയും പ്രകാരം നിർണ്ണയിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

| വിഭാഗം | എസ്റ്റിമേറ്റ് തയ്യാറാക്കൽ | അളവുകൾ രേഖപ്പെടുത്തൽ | സാങ്കേതികാനുമതി | ചെക്ക് മെഷർമെന്റ് |
|---|---|---|---|---|
| WDT ഡിപ്ലോമ എഞ്ചിനീയർ | 3 ലക്ഷംവരെ | 3 ലക്ഷംവരെ | അധികാരമില്ല | അധികാരമില്ല |
| WDT ഡിഗ്രി എഞ്ചിനീയർ | പരിധിയില്ല | പരിധിയില്ല | 3 ലക്ഷംവരെ | 3 ലക്ഷംവരെ |
| തദ്ദേശസ്വയംഭരണ വകുപ്പിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരും ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും | നിലവിലുള്ള അധികാര പരിധിക്കു വിധേയമായി എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ, അളവെടുപ്പ്, ചെക്ക്മെഷർമെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ | | | |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും,(ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ